# C.M.S.H.S.OLASSA




# ACADEMIC MASTER PLAN
# 2025-26

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025- 26

## സി എം എസ് ഹൈസ്കൂൾ ഒളശ്ശ

### ആമുഖം

ഓരോ വിദ്യാലയത്തിന്റെയും ഏറ്റവും പ്രധാന ലക്ഷ്യം വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകി അവരുടെ സർവ്വതോ മുഖമായ വികസനം ഉറപ്പാക്കുക എന്നതാണ്. ഈ ലക്ഷ്യം കൈവരിക്കുന്നതിനുള്ള വ്യക്തവും ദീർഘവീക്ഷണത്തോടുകൂടിയതുമായ ഒരു കർമ്മ പദ്ധതിയാണ് ഈ മാസ്റ്റർ പ്ലാൻ.ഞങ്ങളുടെ വിദ്യാലയത്തിന്റെ അക്കാദമികമായ കാഴ്ചപ്പാടുകൾ, ലക്ഷ്യങ്ങൾ,മുൻഗണനകൾ,ലഭ്യമായ വിഭവങ്ങളുടെ വിനിയോഗം,നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്നിവയെല്ലാം ഇതിൽ വിശദീകരിക്കുന്നു . പഠനബോധന പ്രക്രിയകളെ കൂടുതൽ ഫലപ്രദമാക്കാനും വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്താനും അവരുടെ പഠന വിടവുകൾ നികത്താനും, ഭാവി ജീവിതത്തിന് ആവശ്യമായ കഴിവുകളും മൂല്യങ്ങളും വളർത്താനും ഇത് സഹായകമാകും.

സിഎംഎസ് മിഷനറിയായ  ഹെൻട്രി ബേക്കർ സീനിയറിനാൽ 1870ൽ സ്ഥാപിതമായ സിഎംഎസ് ഹൈസ്കൂൾ ഒളശ്ശ കോട്ടയം ജില്ലയിലെ അയ്മനം പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നു.1964 ഹൈസ്കൂളായി ഉയർത്തപ്പെട്ട ഈ വിദ്യാലയത്തിന് 155 വർഷത്തെ പ്രവർത്തന പാരമ്പര്യം ആണുള്ളത്. വെറുമൊരു കെട്ടിടസമുച്ചയത്തിന് അപ്പുറം തലമുറകൾക്ക് അറിവും സംസ്കാരവും പകർന്നു നൽകിയ ഈ വിദ്യാലയം കാലത്തിന്റെ കുത്തൊഴുക്കുകൾ അതിജീവിച്ച് ഇന്നും തലയുയർത്തി നിൽക്കുന്നു.ഈ മണ്ണിൽ നിന്ന് പാഠം ഉൾക്കൊണ്ട് ജീവിതവിജയം നേടിയ നിരവധിയാണ്. ഇന്നത്തെ തലമുറക്കും നാളെയുടെ വാഗ്ദാനങ്ങൾക്കും വഴികാട്ടിയായി ഈ സ്ഥാപനം അതിന്റെ പ്രയാണം തുടരുകയാണ്.

## അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര്- - | സിഎംഎസ് ഹൈസ്കൂൾ ഒളശ്ശ |
| സ്ഥാപിതം | - 1870 |
| മാനേജ്മെന്റ് | - എയ്ഡഡ് |

സ്കൂൾ കോഡ് .... -33035

ഇമെയിൽ -cmshsolassa@gmail.com

റവന്യൂ ജില്ല - കോട്ടയം

വിദ്യാഭ്യാസ ജില്ല - കോട്ടയം

ഉപജില്ല - കോട്ടയം വെസ്റ്റ്

-താലൂക്ക് - കോട്ടയം

ബ്ലോക്ക് - ഏറ്റുമാനൂർ

ഉപജില്ല വിദ്യാഭ്യാസ ഓഫീസ് - കോട്ടയം വെസ്റ്റ്

ജില്ല വിദ്യാഭ്യാസ ഓഫീസ് - കോട്ടയം

വിദ്യാഭ്യാസ ഡയറക്ടർ ഓഫീസ് - കോട്ടയം

പ്രഥമാധ്യാപിക - ശ്രീമതി.ബീന ബെഞ്ചമിൻ

പിടിഎ പ്രസിഡന്റ് -

- ☐ ശ്രീമതി.മഞ്ജു സുരേഷ്

## ലക്ഷ്യം

1. അക്കാദമിക പ്രവർത്തനങ്ങളുടെകാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പാക്കുക.
2. ഓരോ ക്ലാസിലും കുട്ടി പ്രതീക്ഷിത നിലവാരത്തിലുള്ള ധാരണകളും ശേഷികളും നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.
3. പാർട്ടി പദ്ധതിയിൽ തിട്ടപ്പെടുത്തിയ അറിവും കഴിവും ധാരണയും ശേഷികളും സമയബന്ധിതമായ പ്രവർത്തനങ്ങളിലൂടെ നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തു.
4. മാതൃഭാഷക്കൊപ്പം ഇംഗ്ലീഷ്,ഹിന്ദി ഭാഷകളിൽ പ്രാവിണ്യം നേടുക.
5. കൃഷി, പ്ലാസ്റ്റിക് നിർമാർജനം എന്നിവയിൽ താല്പര്യമുളവാക്കുക.
6. ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക ബോധവാന്മാരാക്കുക.
7. പച്ചക്കറിത്തോട്ടം ,ഔഷധത്തോട്ടം നിർമ്മിക്കൽ.
8. പഠനയാത്രകൾ, വിദഗ്ധരുടെ ക്ലാസുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക .

9. പഠന പിന്നോക്കക്കാർക്കുള്ള പരിശീലനവും പഠന തന്ത്രങ്ങളും ആവിഷ്കരിക്കുക.

10. ലൈബ്രറി ശാക്തികരണം നടപ്പാക്കുക നടപ്പിലാക്കുക .

## നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ

| | | | |
|---|---|---|---|
| ക്ലാസ് മുറികൾ | : | 6 | |
| ആൺകുട്ടികൾക്കായുള്ള ടോയ്‌ലറ്റ് | : | 3 | |
| പെൺകുട്ടികൾക്കായുള്ള ടോയ്‌ലറ്റ് | : | 2 | |
| കിണർ | : | | |
| ലൈബ്രറി | : | | |
| സയൻസ് ലാബ് | : | | |
| ചുറ്റുമതിൽ | : | | |
| കളിസ്ഥലം | : | | |
| റാംപ് | : | 2 | |
| കംപ്യൂട്ടർ ലാബ് | : | | : |
| സ്റ്റേജ് | : | | |
| ലാപ്ടോപ്പ് | : | | |
| അടുക്കള | : | | |
| ഡൈനിങ് ഹാൾ | : | | |

## അക്കാദമിക നേട്ടങ്ങൾ

- എസ്.എസ്.എൽ.സി പരീക്ഷയിലെ 100% വിജയം
- ഫുൾ എ പ്ലസ് വിജയികൾ
- വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിലുള്ള മികവാർന്ന പ്രവർത്തനങ്ങൾ
- യു.എസ്.എസ് പരീക്ഷയിലെ വിജയം
- പഠന പിന്നാക്കക്കാർക്കായുള്ള പ്രത്യേക ക്ലാസുകൾ
- റെഡ് ക്രോസ്
- സ്കൗട്ട്

## പരിമിതികൾ

- അക്കാദമികം / ഭൗതികം
- കലാ-കായിക പരിശീലനം ലഭിച്ച അധ്യാപകരുടെ അഭാവം
- അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണം

- ഭൗതിക സാഹചര്യങ്ങളിൽ (കെട്ടിടം) കാലാനുസൃതമായ മാറ്റം വരുത്താൻ കഴിയുന്നില്ല.
- സാമൂഹിക - സാമ്പത്തിക - പിന്നാക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പഠനത്തിൽ താൽപര്യം കുറയുന്നു.
- സ്കൂളിന്റെ ദൈനംദിന ചിലവുകൾക്ക് (വാഹന സൗകര്യം )തുക കണ്ടെത്താൻ ആവുന്നില്ല.

# യു പി -അടിസ്ഥാന ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | <u>ഹരിതാങ്കണം</u><br><br>ഔഷധത്തോട്ടം,പച്ചക്കറിത്തോട്ടം, ശലഭോദ്യാനം എന്നിവ ഉൾപ്പെടുത്തി സ്കൂൾ പൂന്തോട്ടം വിപുലീകരിക്കൽ. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് എക്കോ ക്ലബ് | പി.ടി.എ |
| | <u>പരീക്ഷണ കളരി</u><br><br>നിത്യജീവിതത്തിൽ പരിമിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപിക | പി.ടി.എ |
| | <u>പരീക്ഷണക്കിറ്റുകളുടെ നിർമ്മാണം</u><br>ശാസ്ത്രപാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾക്കാവശ്യമായ വസ്തുക്കൾ തന്റെ ചുറ്റുപാടുകളിൽ നിന്നും ശേഖരിച്ച് സയൻസ് കിറ്റ് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപിക | പി.ടി.എ, സ്റ്റാഫ് |
| | <u>പരീക്ഷണ പുസ്തകം</u><br><br>പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപിക | പി.ടി.എ |

| | | | | |
|---|---|---|---|---|
| | <u>എക്സ്പിരിമെന്റ് ബുക്ക്</u> പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപിക | പി.ടി.എ |
| 2. ശാസ്ത്ര അഭിരുചി വളർത്തൽ | **<u>1.വിസ്മയ ചുമർ</u>**<br><br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്ര വിസ്മയ ചുമർ നിർമ്മിക്കുന്നു.<br><br>**<u>2.ശാസ്ത്രജ്ഞന്മാരെ അറിയൽ</u>**<br><br>ചിത്രം വീഡിയോ പ്രദർശനങ്ങളിലൂടെ ശാസ്ത്രജ്ഞന്മാരെ കുട്ടികൾക്ക് മുൻപിൽ അവതരിപ്പിക്കുന്നു. ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുന്നു<br><br>**<u>3. ശാസ്ത്ര പാഠോപകരണ നിർമ്മാണം</u>** പാഠഭാഗവുമായി ബന്ധപ്പെട്ട ഉപകരണങ്ങളുടെ നിർമ്മാണവും പ്രദർശനവും | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | ശാസ്ത്ര അധ്യാപിക<br><br>ശാസ്ത്ര അധ്യാപിക<br><br>ശാസ്ത്ര അധ്യാപിക | പി.ടി.എ<br><br>പി.ടി.എ<br><br>പി.ടി.എ |

## യു.പി വിഭാഗം -സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കേരളത്തിന്റെ ഭൂപട വിശകലനം | ഭൂപട വിശകലനം<br><br>കലാരൂപങ്ങൾ മനസ്സിലാക്കൽ | ജൂൺ ആഗസ്റ്റ് | സാമൂഹ്യശാസ്ത്ര അധ്യാപിക | |
| ജില്ലകൾ തിരിച്ചറിയൽ. | ചിത്രീകരണം<br>ക്വിസ് മത്സരങ്ങൾ | സെപ്റ്റംബർ | സാമൂഹ്യശാസ്ത്ര അധ്യാപിക | |
| ഔദ്യോഗിക വസ്തുതകൾ | ചിത്രീകരണം<br>ക്വിസ് മത്സരങ്ങൾ | മാർച്ച് | സാമൂഹ്യശാസ്ത്ര അധ്യാപിക | |
| ഭൂപ്രകൃതി മനസ്സിലാക്കൽ | കൃഷി തിരിച്ചറിയൽ<br>ക്വിസ് മത്സരങ്ങൾ | ദീർഘകാലം | സാമൂഹ്യശാസ്ത്ര അധ്യാപിക | |

## യു.പി വിഭാഗം - ഹിന്ദി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 1. യുപിതലത്തിൽ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | • അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷര കാർഡ്<br>• വാക്കുകൾ എഴുതിയ കാർഡ്<br>• ക്ലാസ്സിൽ അക്ഷരമാല പ്രദർശനം<br>• ഓൺലൈൻ അക്ഷരമാല കളികൾ<br>• വാക്കുകൾ എഴുതിയ കാർഡുകൾ<br>• വാക്കുകൾ നിർമാണം | ജൂൺ-ആഗസ്റ്റ് | ഹിന്ദി അധ്യാപിക | |
| 2. വീട് ഒരു പരീക്ഷണശാല കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് (ഹിന്ദിയിൽ പഠിപ്പിക്കുക) | • വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം .<br>• CWSN കുട്ടികളുടെ പങ്കാളിത്തം | സെപ്റ്റംബർ -ഒക്ടോബർ | ഹിന്ദി അധ്യാപിക PTA, BRC | |
| 3. ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനും അവസരം | • ഹിന്ദി അസംബ്ലി<br>• ദിനാചരണങ്ങൾ (പ്രത്യേകിച്ച് സെപ്റ്റംബർ 14 ജനുവരി 10)<br>• ക്ലാസ് ലൈബ്രറി അധിക വായന സാമഗ്രികൾ ചിത്ര | നവംബർ ഫെബ്രുവരി | ഹിന്ദി അധ്യാപിക PTA, BRC | |

| | | | | |
|---|---|---|---|---|
| | സഹായത്തോടെ-<br>• ചിത്രകഥ തയ്യാറാക്കൽ<br>• ചിത്രം-അടിക്കുറിപ്പ്<br>• ചിത്രം-കഥ പറയൽ<br>• ചിത്രം-കഥയെഴുത്ത്<br>• കഥ ബാക്കി എഴുതൽ<br>• ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ | | | |

## യു.പി വിഭാഗം - ഇംഗ്ലീഷ്

| AIM | ACTIVITIES | PERIOD | RESPONSIBILITY | FINANCIAL RESOURCESI |
|---|---|---|---|---|
| 1. Enhance effective communication skills in English. | **Two-minutes Talks-** Students speak on a random topic for 1 minutes without stopping. | With classroom activities. | English Teacher | |
| 2.Listening-To develop the ability to understand spoken English in different contexts. | Listen to short stories or songs and answer questions.<br><br>Listen to an audio clip and note the main idea. | With classroom activities. | English Teacher | |
| 3. Speaking- To build confidence in using English for real-life communication. | • Picture description<br><br>• Group discussion | With classroom activities. | English Teacher | |
| 4.Reading- To develop the habit of reading with understanding. | Read short passage and answer comprehension question | With classroom activities. | English Teacher | |
| 4. Writing- To enable students to express ideas clearly and creatively in writing. | • Diary entry<br>• Complete unfinished stories.<br>• Letter practising | With classroom activities. | English Teacher | |

## ഹൈസ്കൂൾ വിഭാഗം - ഇംഗ്ലീഷ്

| AIM | ACTIVITIES | PERIOD | RESPONSIBILLITY | FINANCIAL RESOURCES |
|---|---|---|---|---|
| 1. Enhance effective communication skills in English. | **Two-minutes Talks:** Students speak on a random topic for 2 minutes without stopping. | With classroom Activities. | English Teacher | |
| | **Debates:** Teams prepare arguments on a topic and respond to counter Points. | Once in an academic year. | English Teacher | |
| | **Speech Practice:** Deliver short speeches using body language and intonation effectively. | On special classes | English Teacher | |
| 2.Listening-To develop the ability to understand spoken English in different contexts. | **Quick Writes**: 5 minute grammar focused writing exercises. | With classroom Activities. | English Teacher | |
| 3. Speaking- To build confidence in using English | **Speech Practice**: Prepare and | With classroom Activities. | English Teacher | |

| | | | | |
|---|---|---|---|---|
| for real-life communication. | deliver a 3 minute talk on a current topic. | | | |
| 4.Reading- To develop the habit of reading with understanding. | Read short passage and answer Reading aloud with correct pronunciation. | With classroom Activities. | English Teacher | |
| 4. Writing- To enable students to express ideas clearly and creatively in writing. | Diary entry<br><br>Complete unfinished stories.<br><br>Letter practising | With classroom Activities. | English Teacher | |
| 5. Development of critical thinking, appreciation of different genres and contextual understanding. | 1.. Set up different reading corners for poetry, drama, short story and Non-fiction.<br><br>2. Context Detective: Give background information about the time period, students predict how it might influence the story. | With classroom Activities. | English Teacher | |

ഹൈസ്കൂൾ വിഭാഗം- ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ | അക്ഷരമാല അടങ്ങിയ കാർഡ് | ഹ്രസ്വം | ഹിന്ദി അധ്യാപിക | |

| | | | | |
|---|---|---|---|---|
| തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു.<br><br>ഉച്ചാരണം പരിചയപ്പെടുത്തുന്നു. | നൽകുന്നു.<br><br>അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. | | | |
| അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. | ജൂൺ - ജൂലൈ | ഹിന്ദി അധ്യാപിക | |
| നാമം സർവ്വനാമം വിശേഷണം എന്നിവ മനസ്സിലാക്കുന്നു.<br><br>വാക്യഘടന പരിചയപ്പെടുത്തുന്നു. | ചാർട്ടുകൾ നൽകുന്നു. അതിൽനിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്താൻ പറയുന്നു. | ഓഗസ്റ്റ് - സെപ്റ്റംബർ | ഹിന്ദി അധ്യാപിക | |
| ഹിന്ദി വാരാഘോഷ സമയത്ത് മികച്ച രീതിയിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | ഓഗസ്റ്റ് - ഒക്ടോബർ | ഹിന്ദി അധ്യാപിക | |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു.<br><br>കഥയെ തിരക്കഥയായി മാറ്റുവാൻ അറിയുന്നു.<br><br>ഡയറി എഴുതുവാൻ അറിയുന്നു | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു.<br><br>കഥാപാത്രങ്ങളെ ആസ്പദമാക്കി ചരിത്രക്കുറിപ്പ് തയ്യാറാക്കാൻ പറയുന്നു.<br><br>എല്ലാദിവസവും ഡയറി എഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | ദീർഘകാലം<br><br>നവംബർ - ജനുവരി | ഹിന്ദി അധ്യാപിക | |

യു.പി വിഭാഗം-മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയുടെ | പഠിതാവിൽ | അക്കാദമിക | മലയാളം | |

| | | | | |
|---|---|---|---|---|
| അടിസ്ഥാ നശേഷി വികസനം<br>ആശയ സംവേ ദനം നടത്താൻ<br>പഠിതാക്കളെ പ്രാപ്തരാക്കുക. | അർത്ഥപൂർണ്ണമായ വായന ഉറപ്പാക്കുക. | വർഷം | അധ്യാപിക | |
| പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പാക്കുക. | അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരു ന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുക. | അക്കാദമിക വർഷം | മലയാളം അധ്യാപിക | |
| ഭാഷാപരമായ പിന്നാക്കം പരിഹരിക്കുക. | വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക് അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡ് ഉപയോഗിച്ച് പദങ്ങളും വാക്യങ്ങളും നിർമ്മിക്കുക.<br><br>പത്രം, ആഴ്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | ആഴ്ചയിൽ ഒരു പീരിയഡ്<br><br>അക്കാദമിക വർഷം | മലയാളം അധ്യാപിക | |
| പഠിതാക്കളുടെ സർഗാത്മകശേഷി കലാവാസനകൾ എന്നിവ പരിപോഷിപ്പിക്കുക. | സർഗാത്മക രചനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സ്കൂൾ മാഗസിൻ നിർമ്മിക്കുന്നു.<br><br>പാഠഭാഗവുമായി ബന്ധപ്പെട്ട് ലഘു നാടകങ്ങൾ റോൾപ്ലേ മറ്റനുബന്ധ പ്രവർത്തനങ്ങൾ ചെയ്യാൻ കുട്ടികൾക്ക് അവസരം നൽകുന്നു. | അക്കാദമിക വർഷം | മലയാളം അധ്യാപിക<br><br>വിദ്യാരംഗം ക്ലബ്ബ് | |

ഹൈസ്കൂൾ വിഭാഗം - മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാപരമായ പിന്നാക്ക അവസ്ഥ പരിഹരിക്കൽ | • പ്രീ ടെസ്റ്റ്<br>• അക്ഷരം ചിഹ്നം എന്നിവ ഉറപ്പിക്കൽ<br>• ചിത്രം അടിക്കുറിപ്പ്<br>• ഭാഷ കൈകാര്യം ചെയ്യുന്നതിൽ പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസുകൾ | ജൂൺ- ജൂലൈ | മലയാളം അധ്യാപിക | |
| കുട്ടികളിൽ വായനയ്ക്കുള്ള താൽപര്യം വളർത്തുക | • സ്കൂൾ ലൈബ്രറിയുടെ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക<br>• ജന്മദിന പുസ്തക സമ്മാനം<br>• പത്രവായന<br>• ഇ - വായന | വർഷം മുഴുവൻ | മലയാളം അധ്യാപിക | |
| മികച്ച എഴുത്തുകാരൻ ആക്കുക | • സർഗാത്മക രചനകൾ പതിപ്പാക്കുക<br>• ഭാഷാ കൃതികൾ വായിപ്പിക്കുന്നു ആശയം എഴുതിക്കുന്നു | | മലയാളം അധ്യാപിക<br><br>വിദ്യാരംഗം ക്ലബ്ബ് | |
| ഭാഷയും സാഹിത്യവും അനുസ്മരിപ്പിക്കുന്ന ദിനാചരണങ്ങൾ | • ദിനാചരണങ്ങൾ പ്രാധാന്യത്തോടെ ആചരിക്കുന്നു<br>• സാഹിത്യകാരന്മാരെ കുറിച്ച് കുറിപ്പ് തയ്യാറാക്കുന്നു<br>• വിവരശേഖരണം | മാസത്തിൽ ഒന്ന് | ഭാഷാ അധ്യാപിക | |

യു.പി വിഭാഗം - ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു. | കളികളിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു (മുത്തുകൾ,ഫ്ലാഷ് കാർഡ് മുതലായവ ഉപയോഗിക്കുന്നു) | ജൂൺ | ഗണിത അധ്യാപകൻ | |
| രസകരമായ ഗണിതശാസ്ത്ര പഠനവും കരചാലനശേഷികളുടെ വികാസവും. | ഒറിഗാമി, പേപ്പർ ക്രാഫ്റ്റ് മുതലായ കലകളിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകി വിവിധ രൂപങ്ങൾ കുട്ടികൾ നിർമ്മിക്കുന്നു, അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകൻ | |
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ<br><br>ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | ജാമ്യതയെ രൂപങ്ങൾ, ചതുഷ്ടീയകൾ പോലെയുള്ള പ്രവർത്തനങ്ങൾ എന്നിവ ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കുന്നു | ആവശ്യാനുസരണം | ഗണിത അധ്യാപകൻ | |
| ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുന്നിടലിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട നിർദ്ദേശങ്ങൾ | ആഴ്ചയിൽ ഒരു പീരിയഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |

| | | | | |
|---|---|---|---|---|
| | നൽകുന്നു പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു | | | |
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെയുള്ള ദിനാചരണങ്ങളുടെ ഭാഗമായി നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജി രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു | ആവശ്യാനുസരണം | SRG | |

മേഖല അക്കാദമികംL        അടിസ്ഥാന ശാസ്ത്രം ഹൈസ്കൂൾ

- 

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1.നിരീക്ഷണ പാടവം, കൗതുകം എന്നിവ സംരക്ഷിക്കുക | പരീക്ഷണങ്ങൾ ചെയ്യാനും മറ്റു കുട്ടികൾക്ക് പരിചയപ്പെടുത്തി കൊടുക്കാനും ഉള്ള അവസരങ്ങൾ | | | |
| അന്വേഷണം വിവരണം വിനിമയം എന്നിവയുള്ള ശേഷി ആർജിക്കാൻ ശാസ്ത്രീയ സമീപനം | പാഠഭാഗവുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം | | | |
| 3. ശാസ്ത്രബോധം വളർത്തുക | സെമിനാർ പേപ്പറുകൾ അവതരിപ്പിക്കുക,നിർമ്മിച്ച വസ്തുക്കൾ പ്രദർശിപ്പിക്കുക. | | | |
| പരിസ്ഥിതി സൗഹൃദ മനോഭാവം | സയൻസ് ശാസ്ത്ര ലൈബ്രറി ഇവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ മത്സരങ്ങൾ ശാസ്ത്ര മാസിക പ്രസിദ്ധീകരണം ശാസ്ത്രജ്ഞnkatyy വിവരശേഖരണം | | | |
| നേരറിവ് നേടൽ | വൃക്ഷങ്ങൾ നടുക അവയുടെ | | | |

| | | | | |
|---|---|---|---|---|
| | പരിപാലനം പൂന്തോട്ടവും പച്ചക്കറിത്തോട്ടവും നിർമ്മാണം, പ്ലാസ്റ്റിക്,നിർമാർജനം ജവവൈവിധ്യ പാർക്ക് | | | |
| | വിദഗ്ധൻ നയിക്കുന്ന ക്ലാസുകൾ ശാസ്ത്ര ക്വിസ് സംവാദം ഫീൽഡ് ട്രിപ്പ് | | | |

•

| മേഖല-അക്കാദമികം ഹൈസ്കൂൾ വിഭാഗം- ഗണിതം ഉപമേഖല-ഹൈസ്കൂൾ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിച്ചു കൊണ്ടും ഗണിതത്തെ ലളിതമായും നിത്യജീവിതവുമായി ബന്ധിപ്പിച്ചും അവതരിപ്പിച്ചുകൊണ്ട് കട്ടികളിൽ ഗണിത അഭിരുചിയും താല്പര്യവും വളർത്തുകയും ഗണിത ശേഷി കൈവരിക്കുകയും ചെയ്യുക. | 1.ഗണിതശാസ്ത്രത്തിൽ പിന്നാക്കം നിൽക്കുന്ന കട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം.<br><br>2. വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കട്ടികളുടെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു.<br><br>3. ചതുഷ്ക്രിയ ഉറപ്പിക്കുന്നു.<br><br>4. സ്കെയിൽ, കോമ്പസ്, കോൺമാപിനി, മട്ടം എന്നിവ ഉപയോഗിച്ച് കൃത്യമായി വരയ്ക്കുവാനും അളക്കുവാനുമുള്ള പരിശീലനം.<br><br>5. ഐ.സി.ടി സാധ്യതകൾ ഉപയോഗിച്ച് ഗണിത പരിശീലനം- ജിയോജിബ്ര, സമഗ്ര റിസോഴ്സ് തുടങ്ങിയ സങ്കേതങ്ങൾ.<br><br>6. ഗണിത ക്ലബ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ഗണിത ക്വിസ്, പതാക നിർമ്മാണം, ഗണിതശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തൽ, പ്രോജക്ടുകൾ, ഗണിത മാഗസിൻ, കുസൃതി കണക്കുകൾ ശേഖരണം, ഗണിത മേള ദിനാചരണങ്ങൾ, ക്ലാസ് മുറികളുടെ ചുമർ ഗണിത ആശയങ്ങളാൽ അലങ്കരിക്കൽ<br><br>7. ബീജഗണിതം ആസ്വാദനം ആക്കൽ<br><br>8. സംഘബോധം | വർഷം മുഴുവൻ<br><br>വർഷം മുഴുവൻ<br><br>ആദ്യ ടേം<br><br>ആദ്യ ടേം<br><br>വർഷം മുഴുവൻ<br><br>ആദ്യ രണ്ട് ടേം<br><br>വർഷം മുഴുവൻ | ഗണിത അധ്യാപകൻ<br><br>തിരഞ്ഞെടുത്ത കട്ടികൾ<br><br>ഗണിത അധ്യാപകൻ<br><br>ഗണിത അധ്യാപകൻ<br><br>ഗണിത അധ്യാപകൻ<br><br>ഗണിത അധ്യാപകൻ<br><br>ഗണിത അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| | ഉണ്ടാക്കൽ, സംഘ പഠനം<br><br>9. ഗണിത ലാബ് ക്രമീകരിക്കൽ | ഹ്രസ്വ കാലം<br><br>വർഷം മുഴുവൻ<br><br>സെപ്റ്റംബർ ഒക്ടോബർ മാസങ്ങൾ | ഗണിത അധ്യാപകൻ<br><br>ഗണിത അധ്യാപകൻ<br><br>ഗണിത അധ്യാപകൻ | |

| ഹൈസ്കൂൾ വിഭാഗം - സാമൂഹ്യശാസ്ത്രം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| 1. കറണ്ട് അഫയേഴ്സ് അറിയുക<br><br>ചരിത്രപ്രധാന സംഭവങ്ങൾ, ചരിത്ര സംഭവങ്ങൾ, ചരിത്ര വസ്തുതകൾ എന്നിവ മനസ്സിലാക്കുക. | സോഷ്യൽ സയൻസ് ഫെസ്റ്റ്.<br><br>8,9,10 ക്ലാസുകളിൽ പാഠഭാഗവുമായി ബന്ധപ്പെട്ട ക്ലാസിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കൽ<br><br>ക്വിസ് | ഹ്രസ്വകാലം | സാമൂഹ്യ ശാസ്ത്ര അധ്യാപിക | |

| | | | | |
|---|---|---|---|---|
| | പ്രദർശനങ്ങൾ (ചുമർപത്രിക, ചാർട്ട്, മഹത് വചനങ്ങൾ) പ്രസംഗം | | | |
| 2. ഇന്ത്യയുടെ വൈവിധ്യങ്ങൾ മനസ്സിലാക്കുക. | ഡിജിറ്റൽ ആൽബം<br><br>വൈവിധ്യങ്ങളുടെ ഇന്ത്യ- ക്ലാസ് കൂട്ടായ്മയിൽ ആൽബം തയ്യാറാക്കി സോഷ്യൽ സയൻസ് ക്ലബ്ബിൽ അവതരണം | ദീർഘകാലം | സാമൂഹ്യശാസ്ത്ര അധ്യാപികയും വിദ്യാർത്ഥികളും | |
| 3. ഭൂപട നിർമ്മാണം, ഇന്ത്യയിലെ പർവതങ്ങൾ, നദികൾ, പ്രകൃതി വിഭവങ്ങൾ എന്നിവ തിരിച്ചറിയുന്നതിന്. | ഭൂപട നിർമ്മാണം<br><br>ഇന്ത്യയിലെ പർവതങ്ങൾ, നദികൾ, പ്രകൃതി വിഭവങ്ങൾ തിരിച്ചറിയുന്നതിന് വേണ്ടി ഭൂപടം നിർമ്മിക്കുന്നു. അതിനെ അടിസ്ഥാനമാക്കി പതിപ്പ് നിർമ്മാണം | ദീർഘകാലം | സാമൂഹ്യശാസ്ത്ര അധ്യാപികയും വിദ്യാർത്ഥികളും | |
| 4.ആനുകാലിക പ്രശ്നങ്ങൾ അറിയുന്നതിന്. | സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള വിഷയങ്ങൾ കണ്ടെത്തി ക്ലാസുകളിൽ സെമിനാർ അവതരിപ്പിക്കുന്നു | | | |

| | | | | |
|---|---|---|---|---|
| 5. ശാസ്ത്ര അഭിരുചി വളർത്തൽ. | വിസ്മയ ചുമർ<br><br>ശാസ്ത്രപാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്ര വിസ്മയ ചുമർ നിർമ്മിക്കുന്നു.<br><br>ശാസ്ത്രജ്ഞന്മാരെ അറിയാൻ<br><br>ചിത്രം, വീഡിയോ പ്രദർശനങ്ങളിലൂടെ ശാസ്ത്രജ്ഞന്മാരെ കുട്ടികൾക്ക് മുൻപിൽ അവതരിപ്പിക്കുന്നു. ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുന്നു.<br><br>ശാസ്ത്ര പഠനാപകരണ നിർമ്മാണം<br><br>പാഠഭാഗവുമായി ബന്ധപ്പെട്ട ഉപകരണങ്ങളുടെ നിർമ്മാണവും പ്രദർശനവും. | ദീർഘകാലം | | |